കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 28, ചൊവ്വ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 24

നിയമസഭ 2000 മാർച്ച് മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

LIBRARY ARCHIVES Kerala Legislative Assembly

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം *620.

സ്പോർട്ട്സ് മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

1 (*620)ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്ട്സ് മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ യുവജനക്ഷേമ ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ കായിക ക്ലബുകൾ, ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് എന്തെങ്കിലും സഹായം യുവജനക്ഷേമബോർഡ് നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എത്ര ഗ്രാമീണ കായിക ക്ലബുകൾക്ക് കായിക ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കായിക ക്ലബുകൾക്ക് ഏതൊക്കെ കായിക ഉപകരണങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും സ്പോർട്ട്സ് ഉപകരണങ്ങൾ സ്വന്തമാക്കാൻ യുവജനക്ഷേമ ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സ്ഥിരം സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ബോർഡ് സഹായം നൽകിവരുന്നുണ്ടോ;

(ജി) എങ്കിൽ ഇതിനായി എന്തുതുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(എച്ച്) സംസ്ഥാനത്തെ വളരെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഗ്രാമീണ കായിക ക്ലബുകൾക്കും പഞ്ചായത്തുകൾക്കും നൽകിവരുന്ന തുക വർദ്ധിപ്പിക്കാൻ യുവജനക്ഷേമ ബോർഡ് നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തിവരുന്ന കേരളോത്സവത്തിൽ കായിക ഇനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നുണ്ട്. അത്ലറ്റിക്സ് ഇനങ്ങളായ ഓട്ടം, റിലേ, ക്രോസ്കൺട്രി, നടത്ത മത്സരം, ഷോട്ട്പുട്ട്, ജാവലിൻത്രോ, ഡിസ്കസ്ത്രോ, ലോംഗ്ജംപ്, ഹൈ ജംപ് എന്നിവയും മാക്-വോൺ-ഡ്യൂ എന്ന ഇനവും ഗെയിംസ് ഇനങ്ങളായ വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ, ബാഡ്മിന്റൻ, കബഡി എന്നിവയും ജിംനാസ്റ്റിക്സിലെ 5 ഇനങ്ങളും കരാട്ടയിലെ 3 ഇനങ്ങളും, ജൂഡോയിലെ 5 ഇനങ്ങളും കളരിപ്പയറ്റിൽ തെക്കൻ സമ്പ്രദായം) 6 ഇനങ്ങളും കളരിപ്പയറ്റിൽ (വടക്കൻ സമ്പ്രദായം) 6 ഇനങ്ങളും കേരളോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജില്ലാ-സംസ്ഥാനതല മത്സരങ്ങളിലെ ഒന്നും രണ്ടും മൂന്നും സ്ഥാന വിജയികൾക്ക് പ്രൈസ് മണി നൽകുന്നുണ്ട്. സംസ്ഥാനതലത്തിൽ കായികരംഗത്ത് ചാമ്പ്യൻമാരായ യുവതീയുവാക്കൾക്ക് രാജീവ്ഗാന്ധി സ്മാരക ഗോൾഡ് മെഡലുകൾ നൽകുന്നു.

(ബി) ഉണ്ട്. കേരളോത്സവം സംഘടിപ്പിക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് 6000 രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് 10,000 രൂപ വീതവും നൽകിവരുന്നുണ്ട്. 1997 സാമ്പത്തികവർഷം സംസ്ഥാനത്തെ 991 ഗ്രാമ പഞ്ചായത്തുകൾക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിനായി 4000 രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് 5000 രൂപ വീതവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കായിക ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 608 ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1996-97 വർഷം സംസ്ഥാനത്തെ കായിക ക്ലബുകൾക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിന് 9 ലക്ഷം രൂപ ജില്ലാ കളക്ടർ മുഖേന ബ്ലോക്കുകൾക്ക് വിതരണം ചെയ്യുകയുണ്ടായി.

(ഡി) ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൻ, ബാറ്റ്, നെറ്റ് എന്നീ സ്പോർട്സ് ഉപകരണങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഗ്രാമ പഞ്ചായത്തുകൾക്ക് 4000 രൂപ നിരക്കിലും മുനിസിപ്പാലിറ്റികൾക്ക് 5000 രൂപ നിരക്കിലും സാമ്പത്തിക സഹായം നൽകാൻ തീരുമാനിക്കുകയും അതിനായി 39,60,000 രൂപ നീക്കിവയ്ക്കുകയും ചെയ്തു. എന്നാൽ 376 പഞ്ചായത്തുകളും 8 മുനിസിപ്പാലിറ്റികളും മാത്രമേ ഈ തുക കൈപ്പറ്റിയിട്ടുള്ളൂ.

(എഫ്) സ്ഥിരമായി സഹായം നൽകുന്നില്ല. എന്നാൽ 1997-98 സാമ്പത്തികവർഷത്തിൽ സഹായം നൽകിയിട്ടുണ്ട്.

(ജി) 1997-98 സാമ്പത്തികവർഷം 14,22,330 രൂപ ചെലവഴിച്ചിട്ടുണ്ട്.

(എച്ച്) പരിശോധിക്കുന്നതാണ്.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : ഈ വകുപ്പിന്റെ കീഴിൽ സാഹസിക അക്കാഡമി ആരംഭിക്കുന്നതായി അറിയാൻ കഴിഞ്ഞു. അത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിശീലനങ്ങളാണ് അവിടെ നൽകുന്നത്; എത്ര പേർക്കാണ് ഇപ്പോൾ പരിശീലനം നൽകുന്നതെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഈ വകുപ്പിന്റെ കീഴിൽ മൂന്നാറിൽ സാഹസിക അക്കാഡമി ആരംഭിച്ചിട്ടുണ്ട്. സാഹസികരംഗത്ത് യുവാക്കളെ ആകർഷിക്കാൻ കഴിയുന്ന രീതിയിലുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ അവിടെ നടന്നുവരുന്നുണ്ട്. ഏകദേശം ആയിരത്തോളം യുവതീയുവാക്കൾക്ക് സാഹസികമായ സ്പോർട്സിൽ പരിശീലനം നൽകിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : സാഹസികരായ എം.എൽ.എ. മാർക്കും പങ്കെടുക്കാം, അല്ലേ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : പങ്കെടുക്കാം.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : കേരളോത്സവത്തിൽ കാർഷികമേഖലയുമായി ബന്ധപ്പെടുത്തി എന്തെല്ലാം മത്സര ഇനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്; കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഇപ്പോൾ കാർഷിക ഇനങ്ങളിലെ മത്സരങ്ങൾ തെങ്ങ് കയറ്റവും ഞാറ് നടീലും ഓലമെടയലുമാണ്. പുതിയ ഇനങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : സംസ്ഥാനത്ത് ഇന്ന് കായികമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂന്ന് വകുപ്പുകളാണ് നിർവ്വഹിച്ചുവരുന്നത്. ജനറൽ സ്പോർട്ട്സ്, സ്പോർട്ട്സ് വകുപ്പും സ്കൂൾ-സർവ്വകലാശാലകളുമായി ബന്ധപ്പെട്ട സ്പോർട്ട്സുകൾ, വിദ്യാഭ്യാസ വകുപ്പുമാണ് നിർവ്വഹിച്ചു വരുന്നത്. അതിനുപുറമേ യുവജനക്ഷേമ ബോർഡും ഈ കാര്യങ്ങൾ കൈകാര്യം ചെയ്തുവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് സമഗ്രമായ സ്പോർട്ട്സ് വികസനത്തിന് ഈ മൂന്ന് വകുപ്പുകളുടേയും പ്രവർത്തനത്തെ സമന്വയിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സമഗ്രമായ ഒരു സ്പോർട്സ് ബിൽ തയ്യാറാക്കിവരികയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം അതിനോടൊപ്പം പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സഹായങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. നമ്മുടെ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം യുവജനക്ഷേമബോർഡിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : യുവജനക്ലബ്ബുകളുടെ യുവജനക്ഷേമ ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടാണ് ജില്ലയിൽ എല്ലാ സ്ഥലത്തും യൂത്ത് വെൽഫെയർ സെന്റർ രൂപീകരിക്കാൻ തീരുമാനിച്ചത്. അതിനുശേഷം യുവജനക്ഷേമ ക്ലബ്ബുകളെ ആ സെന്ററിന്റെ കീഴിൽ കൊണ്ടുവരാമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം.പി. വർഗ്ഗീസ് : നമ്മുടെ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുക്കുന്നതിന് മുൻഗണനാക്രമത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നകാര്യം ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : എല്ലാവർഷവും 20 കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി കൊടുക്കണമെന്നുള്ള നിബന്ധന ഇപ്പോൾത്തന്നെ നിലവിലുണ്ട്.

ശ്രീ. എം.പി. വർഗ്ഗീസ് : സ്പോർട്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഗ്രാമ-ത്രിതല പഞ്ചായത്തുകൾ സൗജന്യമായി സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറായാൽ സ്റ്റേഡിയങ്ങൾ പണിയുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമോ; അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾത്തന്നെ നൽകുന്നുണ്ട്. ഫണ്ട് വളരെ പരിമിതമാണ്. പരിമിതമായ ആ തുകയിൽനിന്ന് ഏകദേശം പത്തിരുപത് പഞ്ചായത്തുകൾക്ക് ഇപ്പോൾ പൈസ കൊടുത്തിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ : വളരെ സദുദ്ദേശത്തോടുകൂടി ആരംഭിച്ച കേരളോത്സവത്തിന്റെ ഭാഗമായിട്ടുള്ള കായിക മത്സരങ്ങൾ പല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വെറും ചടങ്ങുപോലെയാണ് നടത്തുന്നത്. ആ പഞ്ചായത്തുകളിലേയോ മുനിസിപ്പാലിറ്റികളിലേയോ കായിക പ്രതിഭകളെ മുഴുവൻ ആകർഷിക്കാൻ പര്യാപ്തമല്ല ആ മത്സരങ്ങൾ എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉദ്ദേശിച്ച രീതിയിൽ അല്ല നല്ലതുപോലെ കായിക മത്സരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : വേണ്ടത്ര കായികതാരങ്ങളേയും കലാകാരന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് കേരളോത്സവം നടത്തണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെയാണ് കഴിഞ്ഞ രണ്ട് വർഷമായി വിവിധ ക്ലബ്ബുകളേയും ത്രിതല പഞ്ചായത്തുകളേയും എല്ലാം സഹകരിപ്പിച്ചുകൊണ്ട് കൂടുതൽ പങ്കാളിത്തത്തോടുകൂടി കേരളോത്സവം നടത്തിവരുന്നത്. ഇപ്പോഴുള്ള കുറവുകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ : സംസ്ഥാന സ്കൂൾ തലത്തിലും സർവ്വകലാശാലാതലത്തിലും സ്പോർട്സ് മീറ്റുകൾ നടത്തുമ്പോൾ അതിൽ വിജയികളാകുന്നവർക്ക് അക്കാഡമിക്കായും ഉദ്യോഗപരമായുള്ള തലങ്ങളിലുള്ള കാര്യങ്ങൾക്കുവേണ്ടി ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം കേരളത്തിൽ നിലവിലുള്ളപ്പോൾ ഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം നടത്തുന്ന കേരളോത്സവങ്ങളിൽ നടത്തുന്ന സ്പോർട്ട്സ് മീറ്റുകളിൽ ആവശ്യമായ ടെക്നിക്കൽ സ്റ്റാന്റേഡുകൾ സൂക്ഷിക്കാതെയും മറ്റും വളരെ നിസ്സാരമായി സ്പോർട്ട്സ് മീറ്റർ നടത്തുന്നതിന്റെ ഫലമായി ഇത്തരത്തിലുള്ള അംഗീകാരം അതിന് നാളിതുവരെ കിട്ടിയിട്ടില്ല. അതിനെക്കുറിച്ചുകൂടി പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : കോളേജ് തലത്തിലോ അല്ലെങ്കിൽ സ്കൂൾ തലത്തിലോ നടത്തുന്ന മത്സരങ്ങളെപ്പോലെയാക്കി മാറ്റുകയെന്നുള്ള തല്ല അതിന്റെ ഉദ്ദേശലക്ഷ്യം. ഗ്രാമീണതലത്തിൽ അവസരങ്ങൾ നിഷേധിക്ക പ്പെട്ട ഒട്ടേറെ പേർക്ക് കലാകായികരംഗത്ത് കടന്നുവരാനുള്ള അവസരമാ ണിത്. അതുകൊണ്ടുതന്നെ മെറിറ്റ് സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത് കൊടുത്തുകഴിഞ്ഞാൽ ഇപ്പോൾ സ്പോർട്സ് രംഗത്തും കായികരംഗത്തും കലാരംഗത്തുമൊക്കെയുള്ള പ്രവണത ഈ രംഗത്തും കടന്നുവരുമെന്നുള്ളതുകൊണ്ട് അക്കാര്യം ഇപ്പോൾ ആലോചന യിൽ ഇല്ല.

<u>ശ്രീ. തമ്പാനൂർ രവി</u> : കേരളത്തിലെ പ്രധാനപ്പെട്ട കായികരംഗങ്ങ ളാണ് വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ, ബാഡ്മിന്റൻ എന്നിവ. അതിന്റെ യൊക്കെ യഥാർത്ഥ പ്രതിഭകളുള്ളത് നാട്ടിൻപുറങ്ങളിലാണ്. കേരളോത്സവ ത്തിന്റെ പ്രയോജനത്തിൽ ഈ പ്രതിഭകളെ കണ്ടെത്താൻ 378 പഞ്ചായത്തു കൾ മാത്രമാണ് സ്പോർട്ട്സ് കിറ്റിനുള്ള കാശ് വാങ്ങിയിട്ടുള്ളതെന്ന് അങ്ങ് നൽകിയ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. 8 മുനിസിപ്പൽ കൗൺസിലുകൾ മാത്ര മാണ് കാശ് വാങ്ങിയിട്ടുള്ളത്. അപ്പോൾ അവരുടെ സഹകരണവും ആവശ്യ മാണ്. അങ്ങ് മുൻകൈയെടുത്ത് മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സ ണെയോ പഞ്ചായത്തിന്റെ സ്റ്റേറ്റ് ഫെഡറേഷൻ പ്രസിഡന്റിനേയോ വിളിച്ച് നിർബന്ധമായും കേരളത്തിലെ എല്ലാ പഞ്ചായത്തുകളും മുനിസിപ്പിലാറ്റി കളും കേരളോത്സവം നടത്തണമെന്നുള്ള ഒരു തീരുമാനമെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : എല്ലാവർഷവും പഞ്ചായത്തിന്റെ പ്രതിനി ധികളേയും യുവജനക്ഷേമസംഘടനാ പ്രതിനിധികളേയും വിളിച്ചുകൂട്ടി കേര ളോത്സവം നടത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കാറുണ്ട്. ആ സന്ദർഭങ്ങ ളിലെല്ലാം തന്നെ 4000 രൂപ വച്ച് സ്പോർട്ട്സ് കിറ്റ് വാങ്ങാൻ കൊടുക്കുന്നത് ഉപയോഗിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ 338 പഞ്ചായത്തുകളേ ഇതുവരെ അത് വാങ്ങിയിട്ടുള്ളൂ. 9 മുനിസിപ്പാലിറ്റികളാണ് ഇതിന്റെ തുക കൈപ്പറ്റാൻ തയ്യാറായിട്ടുള്ളത്.

<u>ശ്രീ. പി.കെ. കുമാരൻ</u> : സ്പോർട്ട്സ്രംഗത്ത് സാഹസിക സ്പോർട്സിന്റെ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. മൂന്നാറിൽ മാത്രമാണ് അതിന്റെ ഒരു സ്ഥാപനമുള്ളത്. അടുത്തകാലത്ത് വൈമാനിക സാഹസിക സ്പോർട്സിന്റെ ഒരു പരശീലനം കേരളത്തിൽ നടന്നു. ഇതിന്റെ ഒരു സ്ഥിരം പരിശീലനം തുടർന്നും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? പന്തളത്താണ് അത് നടത്തിയത്. അതുകൊണ്ട് ആ സ്ഥാപനം പന്തളത്ത് അനുവദിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരി ക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, അഡ്വഞ്ചർ സ്പോർട്ട്സ് അക്കാഡ മിയുടെ ആഭിമുഖ്യത്തിൽ പന്തളത്ത് ചേരിക്കൽ എന്ന പ്രദേശത്ത് വച്ച് ഒരു വൈമാനിക പരിശീലന പരിപാടി നടത്തുകയുണ്ടായി. പാരാ ഗ്ലൈഡിംഗി ന്റേയും മറ്റും വൈമാനിക പരിശീലനമാണ് നടത്തിയത്. അവിടം ഇതിന്റെ സ്ഥിരം പരിശീലന കേന്ദ്രമാക്കി മാറ്റുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ അതിന്റെ ഉദ്ഘാടന സമയത്തും പറഞ്ഞിട്ടുണ്ട്. അതിനുള്ള സ്ഥലം ലഭ്യമായാൽ അവിടെ ഒരു സ്ഥിരം പരിശീലന പരിപാടി നടത്തുന്ന കേന്ദ്രം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. മണി : സർ, കഴിഞ്ഞ ദേശീയ കായികമേളയിൽ ഏറ്റവും കൂടുതൽ, ഇത്രയും കാലം മത്സരത്തിൽ പങ്കാളികളായവരേക്കാൾ കൂടുതൽ വിജയം നേടിയിട്ടുള്ളത് മാങ്കുളം മണ്ഡലത്തിലെ 'ദിവ്യ' എന്ന കുട്ടിയാണ്. ദേശീയ റിക്കാർഡാണ് ആ കുട്ടി സ്ഥാപിച്ചിട്ടുള്ളത്. ആ കുട്ടിക്ക് ഗവണ്മെന്റിൽ നിന്നും യാതൊരുവിധ സഹായങ്ങളും ലഭിച്ചിട്ടില്ല എന്നാണ് അറിയുന്നത്. അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പട്ടികവർഗ്ഗ വികസന വകുപ്പിന് ആ കുട്ടിയുടെ പരാതി ലഭിച്ചിട്ടുണ്ട്. സ്പോർട്ട്സ് വകുപ്പും വിദ്യാഭ്യാസ വകുപ്പുമാണ് അത് ചെയ്യേണ്ടത്. സാമ്പത്തികസഹായം നൽകേണ്ടതുണ്ടെങ്കിൽ തീർച്ചയായും അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ആർ. ലതാദേവി : സർ, സ്പോർട്ട്സ് താരങ്ങൾക്ക് സംസ്ഥാന സർവ്വീസിൽ നിയമനം നൽകുമ്പോൾ ക്രിക്കറ്റ് താരങ്ങളെ പരിഗണിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രിക്കറ്റ് താരങ്ങളെക്കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : ക്രിക്കറ്റ് താരങ്ങൾക്ക് പരിഗണന ആവശ്യമില്ല. പരിഗണന കൂടിപ്പോയി എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

ശ്രീ. കെ. രാധാകൃഷ്ണൻ : ചെയർ മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. നാലകത്തു സൂപ്പി : സർ, കേരളോത്സവം നടപ്പാക്കിയതിൽ വലിയൊരു പോരായ്മയുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം സ്പോർട്ട്സ് കൗൺസിലിന്റേയും സാമൂഹ്യക്ഷേമ വകുപ്പിന്റേയും യോജിച്ചുള്ള പ്രവർത്തനമില്ലാത്തതുകൊണ്ടാണ് അത് ഭംഗിയായി നടത്താൻ സാധിക്കാത്തത്. അതു സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇതു എല്ലാവരേയും യോജിപ്പിച്ചുകൊണ്ട് ഭംഗിയായി നടത്താനാണ് തീരുമാനമെടുത്തത്. അതുകൊണ്ടാണ് സ്പോർട്ട്സ് കൗൺസിലിനേയും ത്രിതല പഞ്ചായത്തുകളേയും യുവജനസംഘടനകളേയും സന്നദ്ധസംഘടനകളേയും പങ്കെടുപ്പിച്ചുകൊണ്ട് ഇന്ന് ഈ പരിപാടി നടത്തിവരുന്നത്. അതുകൊണ്ട് മുൻകാലങ്ങളിൽനിന്നും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കൂടുതൽ പങ്കാളിത്തമുണ്ട്. നല്ല പരിപാടികൾ നടക്കുന്നുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, യുവജനങ്ങളിൽ ദേശീയ ഐക്യവും ദേശിയോദ്ഗ്രഥനബോധവും വിപുലപ്പെടുത്തിയെടുക്കാൻ യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ ഗ്രാമീണ സ്പോർട്സ് വിപുലപ്പെടുത്തി എടുക്കുന്നകാര്യത്തിൽ പ്രത്യേകമായ പ്രോജക്ട് ഉണ്ടോ; ഇല്ലെങ്കിൽ ഈ പറഞ്ഞ ആശയത്തെ വിപുലപ്പെടുത്തത്തക്ക രീതിയിൽ ഇതിനെ മാറ്റിയെടുക്കാനുള്ള പരിപാടിയുണ്ടാക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇപ്പോൾത്തന്നെ ദേശീയോദ്ഗ്രഥന പരിപാടി നടത്താനുള്ള പദ്ധതി നിലവിലുണ്ട്. ഈ വർഷം തന്നെ രണ്ട് പ്രധാനപ്പെട്ട പരിപാടികൾ കേരളത്തിൽ നടത്തുകയുണ്ടായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൊല്ലം എറണാകുളം ബോട്ട് ജലയാന ദേശിയോദ്ഗ്രഥന യാത്രയും വനയാത്രയും സംഘടിപ്പിക്കുന്നുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, അവസരങ്ങൾ നിഷേധിക്കപ്പെട്ട ഗ്രാമീണ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് കേരളോത്സവം നടത്തുന്ന

തെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കാർഷിക കേരളത്തിൽ അവസരങ്ങളുമില്ല. അന്യം നിന്നുപോകുന്ന മത്സരങ്ങളാണ് കാളവണ്ടി കുതിര വണ്ടി ഓട്ടമത്സരങ്ങൾ. ഒന്നാം കൊയ്ത്തുകഴിഞ്ഞാൽ അതിന്റെ ഇടവേളയ്ക്ക് കൃഷിക്കാരും കൃഷിക്ക് സഹായിച്ച മൃഗങ്ങളും ചേർന്ന് നടത്തുന്ന ഒരു ഉത്സവമാണ് അത് ഇന്ന് അതിന് സാമ്പത്തികമായി സഹായിക്കാൻ ആളില്ല. പ്രോത്സാഹിപ്പിക്കാൻ ആളില്ല. അതുകൊണ്ട് കാളവണ്ടി-കുതിരവണ്ടി ഓട്ടമത്സരവും കാളപൂട്ട്-പോത്ത് പൂട്ട് മത്സരവും ഇതിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ത്രിതല ഭരണ സംവിധാനത്തിൽ അവരുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്തിക്കൊണ്ട് ഗ്രാമീണ സ്പോർട്ട്സിനെ കൂടുതൽ വിപുലപ്പെടുത്തുന്നതിനുവേണ്ടി അതിനാവശ്യമായ പരിപാടികൾ തയ്യാറാക്കണമെന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാന പ്ലാനിംഗ് ബോർഡും പഞ്ചായത്തുകളുമായി സഹകരിച്ച് ഒരു ശില്പശാല തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് പഞ്ചായത്തിൽ വച്ചു നടത്തുകയുണ്ടായി. ഒരു പഞ്ചായത്തിൽ ആ പദ്ധതിയിലെ ഒരു പരിപാടിയെങ്കിലും സ്പോർട്ട്സുമായി ബന്ധപ്പെട്ട് നടത്തണമെന്നാണ് ആ ശില്പശാലയിലെ പ്രധാനപ്പെട്ട നിർദ്ദേശമായി വന്നത്. ആ നിർദ്ദേശം ഗവണ്മെന്റിന്റെ കയ്യിൽ കിട്ടിയോ; അതിനാവശ്യമായ നിർദ്ദേശവും സഹായവും കൊടുക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, യുവജനക്ഷേമ വകുപ്പ് ഉൾപ്പെടെയാണ് ആ ക്യാമ്പ് നടത്തിയത്. അതുകൊണ്ട് അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിലുണ്ട്. അതനുസരിച്ച് പദ്ധതി രൂപീകരിക്കുന്നതിന് ഗവണ്മെന്റ് മുൻകൈയെടുക്കുന്നതാണ്.

പ്രാഥമിക സഹകരണസംഘങ്ങളിൽ പുതിയ നിയമനം നടത്തുന്നതിന് നടപടി

2 (*621)<u>ശ്രീ. പിരപ്പൻകോട് മുരളി</u> :

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> :

<u>ശ്രീ. ടി.കെ. ബാലൻ</u> :

<u>ശ്രീ. പി. വിശ്വൻ</u> :

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങളിൽ പുതിയ നിയമനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) നിർദ്ദിഷ്ട റിക്രൂട്ട്മെന്റ് ഏജൻസി നിലവിൽ വരുന്നതുവരെയുള്ള നിയമനങ്ങൾ നേരിട്ട് നടത്തുവാൻ പ്രാഥമിക സഹകരണസംഘങ്ങളെ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട തീരുമാനം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly